3. നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകളെക്കുറിച്ചും വിസ പരിശോധനയ്ക്കുമായുള്ള ബോധവൽക്കരണ പരിപാടി 2008-2009 കാലയളവുമുതൽ നടപ്പിലാക്കിവരുന്നു.

(ബി) സാന്ത്വന ധനസഹായ പദ്ധതി അനുസരിച്ച് ഇതിനകം 1466 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(സി) 1,33,16,832(ഒരു കോടി മുപ്പത്തിമൂന്ന് ലക്ഷത്തി പതിനാറായിരത്തി എണ്ണൂറ്റി മുപ്പത്തി രണ്ട്) രൂപയുടെ ആനുകൂല്യങ്ങളാണ് ഇത്തരത്തിൽ നൽകിയിട്ടുള്ളത്.

(ഡി) വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്കായി നോർക്ക-റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ മലപ്പുറം, കണ്ണൂർ, തിരുവനന്തപുരം, കോട്ടയം ജില്ലകളിലായി 8 സ്ഥാപനങ്ങൾ മുഖേനയാണ് പരിശീലനം നൽകിവരുന്നത്.

(ഇ) 1522 പേർക്ക് മൂന്നു ബാച്ചുകളായുള്ള നോർക്ക-റൂട്ട്സിന്റെ തൊഴിൽ വൈദഗ്ധ്യ പരിശീലനകേന്ദ്രങ്ങൾ മുഖാന്തരം പരിശീലനം നൽകിയിട്ടുണ്ട്.

(എഫ്) കണ്ണൂർ ജില്ലയിൽ 324 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

നോർക്ക-റൂട്ട്സ് എന്ന സ്ഥാപനത്തിന്റെ ലക്ഷ്യങ്ങൾ

99 (113) ശ്രീ. എം. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി കേരളീയകാര്യ വകുപ്പിനുകീഴിലുള്ള നോർക്ക-റൂട്ട്സ് എന്ന സ്ഥാപനത്തിന്റെ സ്ഥാപിതലക്ഷ്യം എന്തെല്ലാമാണ് ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ സർക്കാരിന് എത്ര ശതമാനം ഓഹരി പങ്കാളിത്തമുണ്ട്. ബാക്കിയുള്ള ഓഹരികൾ ആർക്കൊക്കെയാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) വിദേശത്ത് ജോലി തേടുന്നവരെ സഹായിക്കാനും മാർഗ്ഗനിർദ്ദേശം നൽകാനും വേക്കൻസികൾ അറിയിക്കാനും നോർക്ക-റൂട്ട്സിന് എന്തെങ്കിലും പരിപാടികളുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇത്തരം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളുടെയും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന മറുനാടൻ മലയാളികളുടെയും ക്ഷേമം ഉറപ്പാക്കുക, അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, വിദേശത്തു നിന്നും മടങ്ങിയെത്തുന്ന മലയാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക, വിദേശ മലയാളികളുടെ മൂലധനം സ്വരൂപിച്ച് സംസ്ഥാനത്ത് വ്യവസായ വികസനം നടപ്പിലാക്കുക, വിദേശ മലയാളികൾക്ക് സ്വദേശത്ത് വികസനപ്രവർത്തനങ്ങൾ, പദ്ധതികൾ, സംരംഭങ്ങൾ എന്നിവ തുടങ്ങുന്നതിന് വേണ്ടുന്ന വിദഗ്ധ ഉപദേശം നൽകുക, ആഗോള തൊഴിൽ വിപണിയിലെ മാറ്റങ്ങൾക്ക് വിധേയമായി വിദേശ തൊഴിൽ കാംക്ഷികൾക്കായി തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനോടൊപ്പം വിദേശ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽകാംക്ഷികൾക്ക് സുരക്ഷിത തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിന് സഹായിക്കുക, ആഗോളതലത്തിൽ വിദേശമലയാളികളുടെ ഒരു ശൃംഖല രൂപീകരിക്കുക തുടങ്ങിയവയാണ് നോർക്ക-റൂട്ട്സിന്റെ സ്ഥാപിത ലക്ഷ്യങ്ങൾ.

(ബി) നോർക്ക-റൂട്ട്സിന്റെ അടച്ചുതീർത്ത ഓഹരി മൂലധനമായ 1,52,00,000 രൂപയിൽ 51.3 ശതമാനം. (78,00,000 രൂപ) സർക്കാരിന്റേതാണ്. ബാക്കി ഓഹരികൾ ചുവടെ പറയുന്നവർക്കാണ് നൽകിയിരിക്കുന്നത്.

ചെയർമാൻ	-	1	എണ്ണം
നോർക്ക സെക്രട്ടറി	-	1	"
സി.ഇ.ഒ., നോർക്ക-റൂട്ട്സ്	-	1	"
എം.എ. യൂസഫലി	-	21333	"
എം. അനിരുദ്ധൻ	-	21332	"
അലക്സാണ്ടർ വടക്കേടം	-	10000	"
സി.കെ. മേനോൻ	-	21332	"

(സി&ഡി) വിദേശതൊഴിലന്വേഷകരെ സഹായിക്കുന്നതിലേക്കായി നോർക്ക-റൂട്ട്സ് ജോബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ഈ ജോബ് പോർട്ടലിൽ ഒരേ സമയം ഉദ്യോഗാർത്ഥികൾക്കും തൊഴിൽ ദാതാക്കൾക്കും വെബ്സൈറ്റിലൂടെ രജിസ്ട്രേഷൻ നടത്തുവാനുള്ള സംവിധാനം ഉൾപ്പെടുത്തിയിട്ടുണ്ട്. രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ വിദേശതൊഴിൽദാതാക്കൾ ആവശ്യപ്പെടുന്ന മുറയ്ക്ക് അവർക്ക് നൽകാൻ കഴിയുന്നതാണ്.

പ്രവാസി ക്ഷേമത്തിനായുള്ള പദ്ധതികൾ

100 (114) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. വി. ശശികുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ ഗൾഫ് നാടുകളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ വിവരം പ്രവാസി വകുപ്പ് ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) നിസ്സാര കുറ്റകൃത്യങ്ങളുടെ പേരിൽ ജയിലിൽ കഴിയുന്ന മലയാളികൾക്ക് നിയമസഹായം നൽകുന്നതിന് എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) തൊഴിൽ കരാർ ലംഘിക്കുന്ന തൊഴിലുടമയിൽനിന്നും നീതി ലഭ്യമാക്കുന്നതിന് ആവശ്യമായ നിയമസഹായം നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ;

(ഡി) പ്രവാസികളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly